**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5624** | **13-08-2021 - ൽ മറുപടിയ്ക്ക്**

**സെക്കന്റ് ഗ്രേഡ് ഓവർസീയർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഇറിഗേഷൻ വകുപ്പിൽ സെക്കന്റ് ഗ്രേഡ് ഓവർസീയർ (മെക്കാനിക്കൽ) തസ്തികയിൽ നിന്നും ഫസ്റ്റ് ഗ്രേഡ് ഓവർസീയർ തസ്തികയിലേക്ക് പ്രമോഷൻ ലഭിച്ച് വരുമ്പോൾ തന്നെ ഡിപ്ലോമ യോഗ്യത നേടിയിട്ടുള്ള ജീവനക്കാരെ ഡിപ്ലോമ ഫസ്റ്റ് ഗ്രേഡ് ഓവർസീയർ തസ്തികയിലേക്ക് പരിഗണിക്കാറുണ്ടോ; ഏത് റൂൾ പ്രകാരമാണ് അവരെ പരിഗണിക്കുന്നത് എന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. രണ്ടാം തരം ഓവർസിയർ(മെക്കാനിക്കൽ) തസ്തികയിൽ നിന്ന് ഒന്നാംതരം ഓവർസീയർ (മെക്കാനിക്കൽ) തസ്തികയിലേക്ക് പ്രൊമോഷന് പരിഗണിക്കുമ്പോൾ ഡിപ്ലോമ/സർട്ടിഫിക്കറ്റ് യോഗ്യതയുള്ള രണ്ടാം തരം ഓവർസിയർമാരെയാണ് പരിഗണിക്കുന്നത്. രണ്ടാം തരം ഓവർസിയർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുമ്പോൾ ക്വാട്ട തിരിച്ച് സർട്ടിഫിക്കറ്റ്/ഡിപ്ലോമ യോഗ്യതയുള്ളവരുടെ പട്ടിക തയ്യാറാക്കുകയും അതനുസരിച്ച് ഉയർന്ന തസ്തികയിലേയ്ക്ക് പ്രൊമോഷന് പരിഗണണിക്കുകയാണ് ചെയ്ത് വരുന്നത്. 22/11/1978ലെ സ.ഉ.(പി)149/78/PW&E നം.ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കേരള എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസ് - മെക്കാനിക്കൽ ബ്രാഞ്ച് - സ്പെഷ്യൽ റൂൾസ് ആണ് ഇക്കാര്യത്തിൽ ബാധകമായിട്ടുള്ളത്. |
| (ബി) | പ്രസ്തുത നിയമം സിവിൽ വിഭാഗത്തിനും ബാധകമാണോ; അല്ലെങ്കിൽ ബാധകമാകാത്തതെന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ? | (ബി) | അല്ല. Kerala Irrigation Subordinate Service Rules G.O(Ms)1390 dated 20/11/1958 ആണ് സിവിൽ വിഭാഗത്തിന് ബാധകമായത്. |

സെക്ഷൻ ഓഫീസർ